കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഇകെഎം (പി4)244/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഇ-മെയിൽ : lfadekm@gmail.com
0484 2422271
തീയതി – 16.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലിശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.-ഇ.കെ.എം.(പി.4) 244/2020

തീയതി: 16.03.2020

## എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | വിനോദ് കെ കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 11.02.2020 മുതൽ<br>19.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീമതി.ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ) |
| ശ്രീ. സന്തോഷ് കുമാർ കെ വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈബി ഇ ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. സെറീന പി എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി അനിമോൾ ബേബി | 01.04.2018 | 31.03.2019 |
| വൈസ് പ്രസിഡന്റ് | ശ്രീ ഷാഗിൻ കണ്ടത്തിൽ | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ അബ്ദുൾ ജലീൽ | 01.04.2018 | 31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി അനിത വി. | 01.04.2018 | 01.08.2018 |
| | ശ്രീമതി എൽസ ജൈൽസ് | 02.08.2018 | 08.08.2018 |
| | ശ്രീമതി സൗമ്യ പോൾ | 09.08.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചുള്ളി | ഡോ.ഷൈമ സലിം | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ ബിന്ദു തോമസ് | 01.04.2018 | 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി നിഷ എം. | 01.04.2018 | 17.08.2018 |
| | ശ്രീമതി ഡിന്ന ഡേവിസ് | 18.08.2018 | 31.03.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മലയാറ്റൂർ) | ശ്രീ ഷിനോ തോമസ് | 01.04.2018 | 31.03.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കടപ്പാറ) | ശ്രീമതി ലിസ്സി കെ.പി | 01.04.2018 | 31.03.2019 |
| വെറ്റിനറി സർജൻ | ഡോ.രജിത.കെ.പി. | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ശ്രീജ ജി.എസ്. | 01.04.2018 | 18.06.2018 |
| | ശ്രീ ശരത് ബി. ജോഷി | 19.06.2018 | 13.03.2019 FN |
| | ശ്രീ വൈശാഖ് ജി. | 13.03.2019 AN | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഗോപകുമാർ.കെ. | 01.04.2018 | 31.03.2019 |
| എച്ച്.എം., GLPS | ശ്രീ മനോജ് കെ.വി. | 01.04.2018 | 31.05.2018 |
| | ശ്രീമതി ഓമനകുമാരി എം.ആർ. | 01.06.2018 | 31.03.2019 |

.

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 13 | ലൈസൻസ്- അപാകതകൾ | 1-13 |
| 14 | കെട്ടിട നിർമ്മാണ അനുമതി- അപാകതകൾ | 1-14 |
| 15 | പദ്ധതി ആസൂത്രണം വിലയിരുത്തൽ | 1-15 |
| 16 | നക്ഷത്രതടാകം - കാർണിവൽ 2018- സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി- നടത്തിപ്പിൽ ഗുരുതര അപാകതകൾ | 1-16 |
| 17 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വസ്തുകൈയ്യേറി മരം മുറിയ്ക്കൽ -ആസ്തി സംരക്ഷണം കാര്യക്ഷമമല്ല. | 1-17 |
| 18 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല | 1-18 |
| 19 | സ്കൂൾ കെട്ടിടങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. | 1-19 |
| 20 | മാലിന്യസംസ്കരണം - പാഴ് വസ്തുക്കൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള പദ്ധതി - അപാകതകൾ | 1-20 |
| 21 | പ്രളയക്കെടുതികളുടെ ഡോക്യുമെന്റേഷൻ | 1-21 |
| 22 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് | 1-22 |

| | | |
|---|---|---|
| | സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല | |
| 23 | അംഗീകൃത ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ- നടത്തിപ്പിലെ അപാകതകൾ | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-24 |
| 25 | പഞ്ചായത്ത് വക ടോയ് ലെറ്റ് സമുച്ചയം നിഷ്ക്രിയ ആസ്തി | 1-25 |
| 26 | സ്യൂട്ട് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ | 1-26 |
| 27 | ദുരിതാശ്വാസ നിധി കാര്യക്ഷമമല്ല | 1-27 |
| 28 | ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക അടവാക്കി | 1-28 |
| | <u>ഭാഗം – 2</u><br>ഇല്ല | |
| | <u>ഭാഗം – 3</u><br>ഇല്ല | |
| | <u>ഭാഗം 4</u> | |
| 29 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 42 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 43 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

23.02.2018 തീയതിയിലെ നം.1/1 തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 23.02.2019 തീയതിയിലെ നം. 1(1) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2019 | 29/06/2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,19,31,339 |
| വരവ് | 7,19,95,269 |
| ആകെ | 8,39,26,608 |
| ചെലവ് | 6,10,09,029 |
| നീക്കിയിരിപ്പ് | 2,29,17,579 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15494243 | 15494243 | 15490707 | - | 3536 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5365000 | 5365000 | 3938386 | - | 1426614 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 82000 | 82000 | 82000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7924000 | 7924000 | 4624194 | - | 3299806 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4199000 | 4199000 | 2888467 | - | 1310533 |
| ധനകാര്യ കമ്മീഷൻ | 0 | 9141893 | 9141893 | 4067103 | - | 5074790 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് | | | | | | |
| കെ. എൽ. ജി. എസ്.ഡി. പി | 0 | 0 | 0 | 0 | 0 | |
| എം.എൻ ആർ.ഇ. ജി.എസ്. (തൊഴിലാളികളുടെ കൂലി) | 0 | 26596678 | 26596678 | 26596678 | 0 | |
| എം.എൻ ആർ.ഇ. ജി.എസ്. ( അഡ്മിനിസ്റ്റേറ്റീവ് ചെലവ്) | 5047 | 436678 | 441725 | 436322 | 5403 | |
| ICDS | 620047 | 561975 | 1182022 | 578905 | 603117 | |
| ബി. ഫണ്ട് | 0 | 47775480 | 47775480 | 47775480 | 0 | |
| ശുചിത്വ മിഷൻ | 944600 | 1806400 | 2751000 | 170000 | 2581000 | |
| വിമുക്തി | 37500 | 25000 | 62500 | 12500 | 50000 | |
| ജോയിന്റ് വെഞ്ച്വർ (ബ്ലോക്ക്) | 1182150 | 2357268 | 3539418 | 2546063 | 993355 *+ (99833) | |
| ജോയിന്റ് വെഞ്ച്വർ (ജില്ല വിഹിതം) | 0 | 2075025 | 2075025 | 1873500 | 201525 | |
| തനത് ഫണ്ട് ബാങ്ക് | 8546999 | 14398564 | 22945563 | 13832259 | 9113304 | |
| തനത് ഫണ്ട് ട്രഷറി | 591654 | 19353620 | 19945274 | 10778557 | 9166717 | |
| ദുരിതാശ്വാസ നിധി | 3342 | 150 | 3492 | 0 | 3492 | |

1.*B4 ഷെഡ്യൂൾ പ്രകാരം 1194880/-രൂപയാണ്. 99833/-രൂപ Joint venture അക്കൗണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതിന് പകരം ട്രഷറി TSB അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിനാൽ Joint venture account ൽ 99833/-രൂപ അധികമാണ് വന്നിരിക്കുന്നത്.

2. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാക്രമം 201151/- രൂപ, 92827/-രൂപ എന്നിങ്ങനെ ക്യാഷ് ബാലൻസ് കൂടി ചേർത്തിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ % |
|---|---|---|---|---|---|---|---|
| 2018-19 | 175 | 81878443 | 81 | 45570412 | 12 | 82 | 46.28 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ, പേര് |
|---|---|---|
| 1 | 48/19 | അങ്കണവാടിയിലേക്ക് ഫുഡ് കണ്ടെയ്നർ |
| 2 | 53/19 | സ്വയം തൊഴിലിന് ആസ്തികൾ (വനിതാ വ്യവസായ കേന്ദ്രം) |
| 3 | 55/19 | വനിതകൾക്ക് യോഗപരിശീനം |

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5047 | 436678 | 441725 | 436322 | 5403 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 26596678 | 26596678 | 26596678 | 0 |
| ആകെ | 5047 | 27033356 | 27038403 | 27033000 | 5403 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50880 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 7706000 | 641 |
| വിധവാപെൻഷൻ | 12092800 | 1050 |
| വാർദ്ധക്യകാലപെൻഷൻ | 22606600 | 2276 |
| വികലാംഗപെൻഷൻ | 3911600 | 338 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതപെൻഷൻ | 927600 | 77 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 480000 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2020, 3 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 5001/-രൂപ(അയ്യായിരത്തി ഒന്ന്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമല്ല. ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. പൗരാവകാശ രേഖ പ്രകാരം സേവനങ്ങൾ നല്കാൻ ശ്രദ്ധിക്കുന്നുണ്ട്. പൊതുജനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഭ്യന്തരനിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

<u>1)ലൈസൻസ്</u>

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2018-19 ലേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമല്ല.

<u>2)ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3) <u>ഓഫീസ് പ്രവർത്തനാവലോകനം</u>

സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗ്, ഓഫീസ് മീറ്റിംഗ് എന്നിവ കൃത്യമായ ഇടവേളകളിൽ കൂടി ഓഫീസ് പ്രവർത്തനാവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിലേയ്ക്ക് നല്കുന്നുണ്ടെങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല എന്നതിനാൽ ലഭിച്ച തപാലുകൾ തീർപ്പാക്കിയോ എന്നറിയാൻ സാധ്യമല്ല.തപാലുകളുടെ തുടർനടപടികളുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കാൻ സൂചിക എന്ന സോഫ്റ്റ്വെയർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനവും കാര്യക്ഷമമായി ഉപയോഗിക്കുന്നില്ല. 18-9-19.ലെ ഓഫീസ് പ്രവർത്തനാവലോകനത്തിൽ നിരവധി തപാലുകൾ തീർപ്പാക്കാനുണ്ടെന്നും, ഓഫീസ് പ്രവർത്തനങ്ങൾ ഐ എസ് ഒ നിലവാരത്തിനൊത്ത മികവ് പുലർത്തുന്നില്ല എന്നും വിലയിരുത്തിയിട്ടുണ്ട്. നിരവധി പൊതുജന പരാതികളും,

വിവരാവകാശ അപേക്ഷകളും ലഭിക്കുന്ന പഞ്ചായത്തിൽ ജോലി വിഭജനം, ഫയൽ കൈകാര്യം ചെയ്യൽ എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## പെർമിറ്റ് രജിസ്ററർ രേഖപ്പെടുത്തലുകൾ അപൂർണ്ണം

പെർമിറ്റ് രജിസ്റ്റർ വളരെ നിരുത്തരവാദപരമായാണ് കൈകാര്യം ചെയ്യുന്നത്. ഓരോ കെട്ടിടത്തിന്റെയും വിസ്തീർണ്ണം, പെർമിറ്റ് ഫീസ്, പൂർത്തീകരണ വിവരങ്ങൾ എന്നീ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫീസ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഫയലുകളിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. നിലം നികത്തൽ, അനധികൃത നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച് നിരവധി പൊതുജന പരാതികളും വിവരാവകാശ ചോദ്യങ്ങളും പതിവായതിനാൽ ഈ വിഷയത്തിൽ പരിഹാരം കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഭരണസമിതി ഗൗരവമായ ഇടപെടൽ നടത്തേണ്ടതാണ്.

## പദ്ധതി മോണിറ്ററിംഗ്

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ്, വർക്കിംങ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതാണ്.

## ആസ്തിരജിസ്റ്റർ പൂർണ്ണമല്ല

ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ലഭിച്ചില്ല.10-11-18 ലെ പഞ്ചായത്ത് കമ്മറ്റി അജണ്ട 7, തീരുമാനം 1 പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കാൻ നോട്ടിഫിക്കേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 18-9-2019 ലെ സ്റ്റാഫ് മീറ്റിംഗ് മിനിറ്റ്സിലെ ഓഫീസ് പ്രവർത്തനാവലോകനത്തിൽ ആസ്തി രജിസ്റ്റർ പൂർത്തിയായില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വനാതിർത്തിയോട് ചേർന്നുള്ള പഞ്ചായത്ത് ആയതിനാൽ വസ്തുവകകൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## ദുരിതാശ്വാസ നിധി നാമമാത്രം

പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലെ തൻവർഷ വരവ് 150 രൂപ മാത്രമാണ്. വനാതിർത്തി, പ്രളയബാധിത മേഖല എന്നീ ഘടകങ്ങൾ ദുരിതാശ്വാസ നിധി എന്നത് അത്യന്താപേക്ഷിതമാക്കുന്നു. പ്രകൃതി ദുരന്തങ്ങളിൽ സാധാരണക്കാരന് കൈത്താങ്ങാകാവുന്ന മേൽ ഫണ്ടിന്റെ പ്രവർത്തനത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/12/2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/02/2015 മുതൽ 04.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 19/05/2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 തൊഴിൽ നികുതി അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിയ്ക്കുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് സ്ഥാപന ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്.

2. പഞ്ചായത്തിൽ ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം എന്നീ ഇനങ്ങളിൽ 66 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റോറിയം എന്ന ഇനത്തിൽ വരുന്ന കെട്ടിടങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു

| | | | |
|---|---|---|---|

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ വിൽപ്പന | 15 | 4 |
| 2 | ഇമിറ്റേഷൻ ഐറ്റംസ് വിൽപ്പന | 33 | 3 |
| 3 | ഹോളോ സോളിഡ് ബ്ലോക്ക് നിർമ്മാണം | 43 | 5 |
| 4 | ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് വർക്ക് ഷോപ്പ് | 44 | 3 |
| 5 | വളം,കീടനാശിനി വിൽപ്പന | 45 | 10 |
| 6 | ഇമിറ്റേഷൻ ആഭരണങ്ങളുടെ വിൽപ്പന | 52 | 16 |
| 7 | ഇമിറ്റേഷൻ ആഭരണങ്ങളുടെ വിൽപ്പന | 53 | 25 |
| 8 | റബ്ബർ ബാന്റ് നിർമ്മാണം | 81 | 3 |
| 9 | സോ മിൽ | 102 | 9 |
| 10 | വർക്ക്ഷോപ്പ് | 105 | 4 |
| 11 | ഗ്ലൗസ് പാക്കിംഗ് | 106 | 20 |
| 12 | സോ മിൽ | 116 | 9 |
| 13 | കുഷ്യൻ അസംബ്ലിംഗ് | 118 | 6 |
| 14 | പാറമട | 136 | 7 |
| 15 | കരിങ്കൽ ക്വാറി | 138 | 6 |
| 16 | ഹോട്ടൽ | 147 | 10 |
| 17 | അരി വിൽപ്പന | 192 | 5 |
| 18 | ഫർണ്ണിച്ചർ നിർമ്മാണം | 202 | 5 |
| 19 | സ്റ്റുഡിയോ | 205 | 5 |
| 20 | പ്ലാസ്റ്റിക് ഗ്രൈന്റിംഗ് | 217 | 6 |
| 21 | പി.വി.സി. പൈപ്പ് നിർമ്മാണം | 222 | 6 |
| 22 | മസാല പൗഡർ നിർമ്മാണം | 232 | 10 |

നികുതി പിരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.02.2020 ലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അടക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. സ്ഥലപരിശോധന നടത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റും സ്ഥാപനലിസ്റ്റും തയ്യാറാക്കേണ്ടതും ലിസ്റ്റിലെ

ക്രമപ്രകാരം തന്നെ രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യ അക്കൌണ്ട് പ്രകാരമുള്ള വരവും പൊരുത്തപ്പെടുത്തി കൃത്യത ഉറപ്പ് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-13 ലൈസൻസ്- അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996-ലെ കേരളാ പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക-2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000/-രൂപയിൽ നിന്നും 15000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ ലൈസൻസ് അനുവദിച്ചത് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല.

2. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്

3. പഞ്ചായത്ത് പരിധിയിൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. സഞ്ചയയിൽ നിന്നുള്ള വിശദാംശം താഴെ ചേർക്കുന്നു

| ക്രമ | കെട്ടിടങ്ങളുടെ തരം | കെട്ടിടങ്ങളുടെ |
|---|---|---|

| നം | | എണ്ണം |
|---|---|---|
| 1 | വാണിജ്യ വ്യവസായ ആവശ്യം (100 ച.മീ വരെയുള്ളത് ) | 812 |
| 2 | വാണിജ്യ വ്യവസായ ആവശ്യം(100 ച.മീ മുകളിൽ) | 62 |
| 3 | വാണിജ്യ വ്യവസായ ആവശ്യം (പെട്ടികട, ബങ്ക് ) | 3 |
| 4 | വ്യവസായ ആവശ്യം(കൈത്തറി കൈപ്പിരി ഷെഡ് ) | 150 |
| 5 | വ്യവസായ ആവശ്യം(ഇതരവ്യവസായം) | 71 |
| | ആകെ | 1098 |

സഞ്ചയ പ്രകാരം വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള ആകെ 1098 സ്ഥാപനങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ, ഇതിൽ 2018-19 വർഷം ആകെ 339 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 തീയതി 15.02.2020 ന് മറുപടി യായി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. സ്ഥാപന ലിസ്റ്റ് തയ്യാറാക്കി രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ സാധിക്കുന്നില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമ വിരുദ്ധവും പഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കുകയും ചെയ്യുന്നു. ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ചും അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥലപരിശോധന നടത്തി വാർഡ് തിരിച്ചുള്ള സ്ഥാപന ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യ അക്കൌണ്ട് പ്രകാരമുള്ള വരവും പൊരുത്തപ്പെടുത്തി കൃത്യത ഉറപ്പുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-14 കെട്ടിട നിർമ്മാണ അനുമതി- അപാകതകൾ

<u>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി നിർമ്മാണാനുമതി നൽകി</u>

ജിഷോ ജോസഫ്, പനഞ്ചിക്കൽ, മലയാറ്റൂർ പി ഒ എന്ന വ്യക്തിക്ക് 02.03.2018 തീയതിയിലെ 85/2017-18 നമ്പറായി 180.40 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള

താമസാവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി 14.01.2019 ൽ കെട്ടിടത്തിന് 10/ 371 എ നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. ഫയലിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആലുവ താലൂക്ക്, മലയാറ്റൂർ വില്ലേജ്, സർവ്വേ നമ്പർ 149/8-4,149/11-5-4 എന്നിവയിലായി യഥാക്രമം 06.61 ആർ, 0.68 ആർ എന്നിങ്ങനെ ആകെ 7.29 ആർ വിസ്തീർണ്ണമുള്ള സ്ഥലത്താണ് കെട്ടിട നിർമ്മാണാനുമതി നൽകിയിരിക്കുന്നത്. റവന്യൂ രേഖകൾ പ്രകാരം ഈ സ്ഥലം നിലമാണ്. ഇതിൽ 149/11 ൽ ഉൾപ്പെട്ടുവരുന്ന 0.68 ആർ ഭൂമി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

2. ആധാരത്തിന്റെ പകർപ്പ് ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷമാണ് ഫയലിൽ ചേർത്തത്.

3. കെട്ടിടത്തിൽ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ല എന്നും ബഹു. ചീഫ് സെക്രട്ടറിയുടെ 06.12.2017 ലെ 1858832/ ആർ എ1/2017/ തസ്വഭവ നം ഉത്തരവ് പ്രകാരം 10 സെന്റ് വരെയുള്ള ഭൂമിയിലാണ് വീട് പണിയുന്നതിന് പെർമിറ്റ് നൽകാൻ പാടുള്ളുവെന്നും കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ ലഭിച്ച അപേക്ഷയിൽ സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നമ്പർ അനുവദിക്കുവാനാണ് സെക്രട്ടറി ഉത്തരവായിട്ടുള്ളത്.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 27എ, ഉപവകുപ്പ് (6) പ്രകാരം ഭൂമിയുടെ തരം മാറ്റാതെ പഞ്ചായത്ത് പ്രദേശത്ത് 4.04 ആർ സ്ഥലത്ത് 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ മാത്രമേ വീടുപണിയാൻ അനുമതി നൽകാവൂ എന്നിരിക്കെ, നിലമായി രേഖപ്പെടുത്തിയിട്ടുള്ള 7.29 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിയമ വിരുദ്ധമായി 180.40 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിനും കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയതിനും ഓഡിറ്റിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ 18.02.2020 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, എന്നിവരുടെ റിപ്പോർട്ടിന്റെയും 22.12.2016 ലെ 994733/RA, 19.01.2018 ലെ 96/RA1/2017 എന്നീ സർക്കുലറുകളുടെയും പശ്ചാത്തലത്തിൽ അപേക്ഷകന്റെ ആവലാതി ബോദ്ധ്യപ്പെട്ട് പ്രത്യേക ഓഫീസ് ഉത്തരവിലൂടെയാണ് പെർമിറ്റ് അനുവദിച്ചതെന്നാണ്. ബഹു. ചീഫ് സെക്രട്ടറിയുടെ 06.12.2017 ലെ 1858832/ ആർ എ1/2017/ തസ്വഭവ നം ഉത്തരവ് പ്രകാരം 10 സെന്റ് വരെയുള്ള ഭൂമിയിലാണ് വീട് പണിയുന്നതിന് പെർമിറ്റ് നൽകാൻ പാടുള്ളുവെന്ന് വ്യക്തമാക്കിയിരിക്കെ 22.12.2016 ലെ 994733/RA, 19.01.2018 ലെ 96/RA1/2017 എന്നീ സർക്കുലറുകളിൽ സ്ഥലത്തിന്റെ വിസ്തൃതി പ്രതിപാദിച്ചിട്ടില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിക്കുകയായിരുന്നുവെന്ന് വിശദീകരിച്ചത് സർക്കുലർ തെറ്റായി വ്യഖ്യാനം ചെയ്യലായി ഓഡിറ്റ് വിലയിരുത്തുന്നു. ടി സർക്കുലറുകളിൽ പരാമർശിച്ചിട്ടുള്ള മുൻ സർക്കുലറുകളിൽ സ്ഥലവിസ്തൃതി പഞ്ചായത്തിൽ 10 സെന്റായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ഈ സർക്കുലറിന് മുൻപും ശേഷവും സർക്കാർ

പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളിലും, നിയമഭേദഗതികളിലും വിസ്തൃതി 10 സെന്റ് എന്ന് നിജപ്പെടുത്തിയിട്ടുള്ളതിനാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.
ഗ്രാമപഞ്ചായത്തിലെ കെട്ടിടാനുമതി രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുകയോ അത് പ്രകാരം രേഖപ്പെടുത്തലുകൾ വരുത്തുകയോ, ഫീസ് ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് അനുമതി നൽകിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിൽ അപേക്ഷയിലെ കെട്ടിടത്തിന്റെ വിസ്തീർണ്ണം, തറ വിസ്തീർണ്ണാനുപാതം എന്നീ അവശ്യ വിവരങ്ങൾ ചേർത്തിട്ടില്ല. പല അപേക്ഷകളുടെയും അപേക്ഷാഫീസ് വിവരം ചേർത്തിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് അടവാക്കിയ തുക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.
2018-19 വർഷത്തിൽ കെട്ടിട നിർമ്മാണാനുമതിയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, അവയിൽ എത്രയെണ്ണം രജിസ്റ്ററിൽ ചേർക്കാത്തവയുണ്ടെന്നും ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 15.02.2020 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 144 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എല്ലാം രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയെങ്കിലും രജിസ്റ്റർ ഇപ്രകാരം പരിപാലിച്ചിട്ടില്ല.

2. 08.05.2018 ൽ നമ്പർ നൽകിയിട്ടുള്ള 10/19 B നമ്പർ കെട്ടിടത്തിന്റെ റെഗുലറൈസേഷൻ ഫീസിനത്തിൽ ഈടാക്കിയിട്ടുള്ള തുകയുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല എന്നും (പെർമിറ്റ് നം. A8-1647/15 തീയതി 18.05.2015) ആയത് ലഭ്യമാക്കേണ്ടതാണെന്നും ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് റെഗുലറൈസേഷൻ ഫീസ് അടവാക്കി ഓഡിറ്റിൽ അറിയിച്ചത്. കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ നിർമ്മാണ പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 149.74 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് റെഗുലറൈസേഷൻ ഫീസ് ഈടാക്കണമെന്ന് ഹെഡ് ക്ലർക്ക് അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കാതെ കെട്ടിട നമ്പർ അനുവദിച്ച് നൽകി എന്നത് ഇതിൽ നിന്ന് വ്യക്തമാണ്. (146.18 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനാണ് യഥാർത്ഥത്തിൽ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടിയിരുന്നത്. 6/-രൂപ നിരക്കിൽ ആകെ 877/-രൂപ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 17.02.2020 ലെ 119010105208 നം. രസീത് മുഖേന അടവാക്കി.)

3. 150 ചതുരശ്രമീറ്ററിൽ അധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല എന്ന് അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ള പല കേസുകളിലും

കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(i)പെർമിറ്റ് നം. 69/2017-18 തീയതി 09.11.2017 പ്രകാരം പണിത ശ്രീ പൌലോസ് പി.ജെ, പൂണേലി വീട്, നീലീശ്വരം പി.ഒ എന്ന വ്യക്തിയുടെ താമസാവശ്യത്തിനുള്ള കെട്ടിടത്തിന് മഴവെള്ള സംഭരണി നിർമ്മിക്കാതെ 3 മാസത്തിനുള്ളിൽ മഴവെള്ള സംഭരണി നിർമ്മിച്ചുകൊള്ളാം എന്ന ഉടമസ്ഥന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 01.04.2018 തീയതി പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. (കെട്ടിട നമ്പർ 13/ 68A) ചട്ടങ്ങൾക്ക് വിരുദ്ധമായി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നും നിലവിൽ ടി കെട്ടിടത്തിൽ മഴവെള്ള സംഭരണി നിർമ്മിച്ചിട്ടുണ്ടോ എന്നതും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് നിലവിൽ മഴവെള്ളം സംഭരിക്കുവാൻ പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പ്ലാൻ പ്രകാരമുള്ള മഴവെള്ള സംഭരണി സ്ഥാപിച്ചതായി ഉറപ്പാക്കിയിട്ടില്ല.

(ii) ശ്രീധരൻ കുട്ടപ്പൻ, മേക്കാമഠം എന്ന വ്യക്തിയുടെ 201.63 ച. മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മഴവെള്ള സംഭരണി സ്ഥാപിക്കാതെ തന്നെ പൂർത്തീകരണ സാക്ഷ്യപത്രവും കെട്ടിട നമ്പറും അനുവദിച്ച് നൽകിയിട്ടുണ്ട്(കെട്ടിട നമ്പർ 3/66 A).

രജിസ്റ്റർ, ഫയലുകൾ എന്നിവയിൽ കൃത്യമായ രേഖപ്പെടുത്തലുകളോ, സാക്ഷ്യപ്പെടുത്തലുകളോ ഇല്ലാത്തതിനാൽ കെട്ടിടനിർമ്മാണാനുമതി നൽകിയതിലെ സാമ്പത്തിക നഷ്ടം കണക്കാക്കാൻ ഓഡിറ്റിന് പരിശോധനാവേളയിൽ സാധിച്ചിട്ടില്ല. കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ സർക്കാർ ഉത്തരവിന് അനുസൃതമായി പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും അനുമതി നൽകിയതിലെ അപാകതകൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 1-15 പദ്ധതി ആസൂത്രണം വിലയിരുത്തൽ

2017-2022 വരെയുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് ജി.ഒ. ( എം.എസ് ) 10/2017/ത.സ്വ.ഭ.വ /09.01.2017 ഉത്തരവിലാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തെ മേൽ ഘടകങ്ങളുടെ പ്രവർത്തനം പദ്ധതി രൂപീകരണത്തിന് കാര്യമായ സംഭാവനകൾ നൽകിയില്ല. ഇവയുടെ പ്രവർത്തനാവലോകനം പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ

ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. എന്നാൽ ആസൂത്രണസമിതി പ്രവർത്തനം വിലയിരുത്താനായി മിനിറ്റ്സ് ബുക്ക് പരിശോധനയ്ക്കായി ലഭിച്ചില്ല. സമിതിയുടെ പ്രവർത്തനം പദ്ധതി രൂപീകരണത്തിന് സഹായകമായിരുന്നോയെന്ന് വിലയിരുത്താനായില്ല.

വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയുടെ പങ്കാളിത്തം ഉണ്ടായതായോ, പദ്ധതി രൂപീകരണത്തിൽ ഗുണപരമായ ഇടപെടലുകൾ ആസൂത്രണസമിതി 2018-19 ൽ നടത്തിയതായോ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിലും രേഖപ്പെടുത്തിയിട്ടില്ല.

2018-19 ൽ രണ്ട് തവണയാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് യോഗം ചേർന്ന തിയതി പോലും പല മിനിറ്റ്സ് ബുക്കുകളിലും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകൾ, മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ ഇവയൊന്നും മിനിറ്റ്സിൽ ചേർത്തിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. യോഗങ്ങളിലെ പങ്കാളിത്തക്കുറവും എടുത്തുപറയേണ്ടതാണ്. പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഏതാനും ഗ്രൂപ്പുകൾ മുന്നോട്ട് വെച്ചെങ്കിലും അവയൊന്നും തന്നെ പ്രോജക്ടുകൾ ആയില്ല.അങ്കണവാടികൾ പലതും പ്രളയബാധിതമാണ്,നിരവധി ഉപകരണങ്ങൾ നഷ്ടപ്പെട്ടുവെങ്കിലും സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയം ചർച്ച ചെയ്യുകയോ പ്രളയക്കെടുതികളിൽ നഷ്ടം വന്നവ വാങ്ങി നല്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർദ്ദേശങ്ങൾ വയ്ക്കുകയോ ചെയ്തിട്ടില്ല. വിദ്യാഭ്യാസം, കല, സംസ്കാരം എന്ന ഗ്രൂപ്പും അടിയന്തിര പ്രധാന്യമുള്ള പല വിഷയങ്ങളിലും പ്രോജക്ട് നിർദ്ദേശങ്ങൾ അവതരിപ്പിച്ചില്ല. അവയിൽ പ്രധാനം വെസ്റ്റ് മലയാറ്റൂർ ജി എൽ പി എസിന്റെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ, ജി.യു.പി.എസ്. ഇല്ലിത്തോടിന്റെ സ്ഥലപരിമിതി എന്നിവയായിരുന്നു. വനിതാ വികസനം, പൊതുഭരണം, പ്രാദേശിക സാമ്പത്തിക വികസനം, പട്ടികജാതി വികസനം ഇവയും ചർച്ചകളെത്തുടർന്നുള്ള നിർദ്ദേശങ്ങൾ വളരെ നല്ലതായിരുന്നുവെങ്കിലും കാര്യമായ പരിഗണന ലഭിച്ചില്ല. ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, വാദ്യോപകരണങ്ങൾ കുടിവെള്ളം, ശുചിത്വം ഗ്രൂപ്പിലെ ചർച്ചയിൽ മുൻ വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങൾ പ്രോജക്ടുകൾ ആയില്ല എന്ന രേഖപ്പെടുത്തൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടായില്ല. വികസനോന്മുഖവുമായ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് വന്നതായി കാണുന്നില്ല. കൂടാതെ ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു. 21.02.2018 ൽ ചേർന്ന വികസന സെമിനാറിൽ

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും, ഗ്രാമസഭ മെമ്പർമാരും, പൊതുജനങ്ങളും, ജനപ്രതിനിധികളും അടക്കം 112 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസനസെമിനാറിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

പല പ്രോജക്ടുകളും വേണ്ടത്ര പഠനമോ, മുന്നൊരുക്കമോ ഇല്ലാതെ നടത്തി എന്നും വ്യക്തമാണ്. വെറ്ററിനറി സർജൻ നടപ്പാക്കിയ മുട്ടക്കോഴിവളർത്തൽ(204/19)പ്രോജക്ട് ആദ്യം 111 ഗുണഭോക്താക്കൾക്കായി അടങ്കൽ വെച്ചെങ്കിലും പിന്നീട് നിർവ്വഹണോദ്യോഗസ്ഥന്റെ ആവശ്യപ്രകാരം 222 പേർക്കായി അടങ്കൽ 333000/-രൂപ വർദ്ധിപ്പിച്ചു, എന്നാൽ പദ്ധതിയുടെ ചെലവ് 126000/- മാത്രമാണ്. 28.01.2019 ലെ അജണ്ട 10 പ്രകാരം 37 പേർ മാത്രമാണ് പദ്ധതിക്ക് അപേക്ഷ നൽകിയതെന്നും, അതിനാൽ ഗുണഭോക്തൃപട്ടികയിലെ മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം നല്കാൻ അനുമതി നല്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും 84 പേർ മാത്രമാണ് 50% സബ്സിഡിയുള്ള പദ്ധതിയിൽനിന്ന് ആനുകൂല്യം കൈപ്പറ്റിയത്. ഇതേ കമ്മറ്റിയിൽ തന്നെ അജണ്ട 7ൽ ജാതി കൃഷി, വാഴകൃഷി, പച്ചക്കറിതൈ വിതരണം, തെങ്ങ് വെട്ടിമാറ്റൽ, പമ്പ് സെറ്റ് വിതരണം, കറവയന്ത്രം തുടങ്ങിയ പദ്ധതികൾക്ക് ഗുണഭോക്താക്കൾ ഇല്ല എന്നും അതിനാൽ ഗുണഭോക്തൃപട്ടികയിലെ മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം നല്കാൻ അനുമതി നല്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയായ പഞ്ചായത്തിൽ കൃഷി, ക്ഷീരവികസന പദ്ധതികൾക്ക് ഗുണഭോക്താക്കൾ ഇല്ല എന്നത് തികച്ചും അവിശ്വസനീയമാണ്. പദ്ധതി രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ എന്നിവ ഈ സ്ഥിതി വിശേഷണത്തിന് കാരണമാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും, ആവശ്യകത മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

# 1-16 നക്ഷത്രതടാകം - കാർണിവൽ 2018- സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി- നടത്തിപ്പിൽ ഗുരുതര അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 195/18-19 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 1000000 |
| ആകെ ചെലവ് | 400000 രൂപ<br>(250000തനത് ഫണ്ട്+ 150000 ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെക്ക് നമ്പർ, | 596089/5-12-18 |

| | |
|---|---|
| തീയതി | 596095/20-12-18<br>2289053/15-3-<br>19 |

മലയാറ്റൂർ ഗ്രാമപഞ്ചായത്ത്, മലയാറ്റൂർ ജനകീയവികസനസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ മലയാറ്റൂർ മെഗാ കാർണിവൽ 2018 - നക്ഷത്ര തടാകം എന്ന ഒരു പരിപാടി ഓഡിറ്റ് വർഷത്തിൽ സംഘടിപ്പിച്ചിട്ടുള്ളതായി കാണുന്നു. എറണാകുളം ജില്ലാ പഞ്ചായത്ത്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, കെ.റ്റി.ഡി.സി.(ഡി.റ്റി.പി.സി.), ഡോ.വർഗീസ് മൂലൻ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പാക്കിയിട്ടുള്ളത്. നാളിതുവരെ ജനകീയവികസനസമിതി നടത്തിവന്നിരുന്ന ഈ പരിപാടി 2018-19 വർഷത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയായിരുന്നു. (തീരുമാനം നമ്പർ 1,2,3,4,5,6, & 7 തിയതി 4-12-2018). ഈ പരിപാടിയുടെ നടത്തിപ്പിലേക്കായി മലയാറ്റൂർ ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നതായി കാണുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതമായി 250000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 250000 രൂപ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം 250000 രൂപ, സന്നദ്ധ സേവനം / സംഭാവന എന്ന ഇനമായി 250000 രൂപ എന്നിവ ഉൾപ്പെടെ ആകെ 1000000 രൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ. തനത് ഫണ്ട് രണ്ടര ലക്ഷം രൂപയും (250000/-) ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതമായ 1.5 ലക്ഷം രൂപയും ഉൾപ്പെടെ നാല് ലക്ഷം രൂപ കൈമാറിയതായി സുലേഖ പദ്ധതി ചെലവ് റിപ്പോർട്ട്, വാർഷികകണക്കുകൾ എന്നിവ പ്രകാരം ബോധ്യപ്പെടുന്നു.മേൽ തുക കാർണിവലിനായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. പദ്ധതിക്കായി പഞ്ചായത്തിൽ നിന്നുള്ള ഫണ്ട് ഓർഗനൈസിംഗ് കമ്മിറ്റി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലാണ് കൈമാറിയിട്ടുള്ളത്. ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് പദ്ധതിപ്രകാരം 2.5 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും ലഭ്യമായിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് ജനറൽ കൺവീനർ ആയും വിവിധ വാർഡ് മെമ്പർമാർ സബ്കമ്മിറ്റി കൺവീനർമാരായും സെക്രട്ടറി ട്രഷററായും ആണ് കാർണിവൽ ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് കാർണിവൽ ബ്രോഷറിൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെ ചേർത്തിട്ടുള്ള ഗുരുതരമായ അപാകതകൾ സംഭവിച്ചതായി കാണുന്നു.

1.ഗവൺമെന്റ് അനുമതിയില്ലാതെ മെഗാ കാർണിവൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിനും പദ്ധതിപ്പണം കൈമാറുന്നതിനും തീരുമാനമെടുത്ത കമ്മിറ്റി മീറ്റിംഗുകളിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായില്ല.

2. പ്രാദേശികമായ ഒരു ജനകീയ വികസനസമിതി നടത്തിവന്നിരുന്ന ഒരു കാർണിവൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനു മുൻപ് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ലഭ്യമാക്കാതെ പദ്ധതി രൂപീകരിച്ച് ഗ്രാമ/

ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് കൈമാറിയത് ഗുരുതരമായ അപാകതയാണ്.പ്രളയം മൂലമുണ്ടായ കെടുതികളിൽ നിന്ന് കരകയറും മുൻപാണ്, ഇനിയും നിരവധി വികസനപ്രവർത്തനങ്ങൾ ആവശ്യമുള്ള പഞ്ചായത്തിൽ 5 ദിവസമുള്ള ആഘോഷങ്ങൾക്കായി പദ്ധതി രൂപീകരിച്ചത് .പഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട ഭരണസമിതിയും, സെക്രട്ടറിയും പദ്ധതി മാർഗ്ഗരേഖ തെറ്റായി വ്യാഖ്യാനം ചെയ്താണ് ഈ ആഘോഷത്തിനായി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയത്.

3 . മലയാറ്റൂർ ജനകീയ വികസന സമിതി, മൂലൻസ് ട്രസ്റ്റ് തുടങ്ങിയ നോൺ ഗവൺമെന്റൽ ഏജൻസികൾ കൂടി ഉൾപ്പെട്ട ഒരു കാർണിവലിൽ പഞ്ചായത്ത് സെക്രട്ടറി ഗവൺമെന്റ് അനുമതിയില്ലാതെ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ട്രഷറർ എന്ന നിലയിൽ പ്രവർത്തിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

4. നക്ഷത്രതടാകം-കാർണിവൽ എന്നിവയുടെ നടത്തിപ്പിനായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്തഅക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ നക്ഷത്രത്തടാകം എന്നതിന്റെ ചുരുക്കപ്പേരായി NTMNG എന്ന പേരിലാണ് അക്കൗണ്ട് ആരംഭിച്ചത്.(അക്കൗണ്ട് നമ്പർ 50100262483542, HDFC,Kalady).

5. സംഭാവനകൾ പിരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ രസീത്ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. എന്നാൽ എത്ര രസീത് ബുക്കുകൾ അടിച്ചു എന്ന് വ്യക്തമാക്കുന്ന ബിൽ, രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയില്ല. ആർക്കൊക്കെ രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു എന്ന രേഖപ്പെടുത്തലുകൾ ഇല്ല. ഒരു രസീത് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബുക്ക് നമ്പർ ഇല്ലാത്ത 40 ലീഫുകൾ ഉള്ള ഈ രസീത് ബുക്കിൽ നിന്ന് 16 എണ്ണം ഉപയോഗിച്ച് 472500/- പിരിച്ചിട്ടുണ്ട്. രസീതുകൾ കൗണ്ടർ ഫോയിൽ രീതിയിലാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. സംഭാവനകൾ സ്വീകരിക്കുമ്പോൾ ഒറിജിനൽ രസീത് സംഭാവന നല്കിയ ആൾക്ക് നല്കുകയും കൗണ്ടർ ഫോയിൽ പഞ്ചായത്ത് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഈ കൗണ്ടർ ഫോയിലിൽ, ലഭിച്ച തുക രേഖപ്പെടുത്താൻ ഉള്ള ഭാഗം ഉൾക്കൊള്ളിച്ചിട്ടില്ല. പേര്, ഫോൺ നമ്പർ എന്നീ രണ്ട് കോളങ്ങൾ മാത്രമാണ് ഉള്ളത്. അതിൽ ഫോൺ നമ്പറിന്റെ കോളത്തിലാണ് പിരിച്ച തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിങ്ങ്)ചട്ടങ്ങളിലെ ചട്ടം 20 (സി) പ്രകാരം പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 20(സി) പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതുകൾ മെഷീൻ നമ്പർ നല്കിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ളിക്കേറ്റ് പണം നല്കിയ ആൾക്ക് നൽകേണ്ടതുമാണ്. ഈ ചട്ടം പാലിച്ചുകൊണ്ടുള്ള രസീത് ബുക്ക് അല്ല ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയ തുകകൾ തന്നെയാണോ യഥാർത്ഥത്തിൽ പിരിച്ചെടുത്തതെന്ന് ഉറപ്പ് വരുത്താൻ കഴിയില്ല. കൗണ്ടർ

ഫോയിലുകൾക്ക് പുറമേ, ഉപയോഗിക്കാതെ അവശേഷിച്ച ക്യാൻസൽ ചെയ്ത രസീതുകളും ഈ ബുക്കിലുണ്ട്. മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് നക്ഷത്ര തടാകം മെഗാ കാർണിവൽ 2018 റസീപ്റ്റ് എന്നാണ് കൺവീനറുടെ പേരിൽ അച്ചടിച്ചിട്ടുള്ള ഈ രസീത് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ രസീത് ബുക്കിന് പുറമേ ഇത്തരത്തിൽ ഒരു രസീത് ബുക്ക് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നേടേണ്ടിയിരുന്നു. ആയത് ചെയ്തിട്ടില്ല. മാത്രമല്ല രസീത് ബുക്കുകൾ എത്രയെണ്ണം പ്രിന്റ് ചെയ്തു, ആരെല്ലാം ഇതുപയോഗിച്ച് പിരിവ് നടത്തി എന്നും വ്യക്തമല്ല.

6. രസീത് ബുക്കിലെ ഉപയോഗിച്ച ലീഫുകളുടെ കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭാവനകളുടെ ആകെ മൂല്യം 472500/- രൂപയാണ്. എന്നാൽ കാർണിവലിനായുള്ള ബാങ്ക് അക്കൗണ്ടിൽ സംഭാവനയിനത്തിൽ വരവ് വന്നിട്ടുള്ളത് 304000/- രൂപ മാത്രമാണ്. അതായത് 168500/- രൂപ (472500-304000)കുറവായാണ് ബാങ്കിൽ വരവ് വന്നിട്ടുള്ളത്.

7. രസീത് ബുക്ക് പ്രകാരം മൂലൻസ് എന്ന പേരിലുള്ള സംഭാവന 50000/- രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് പ്രകാരം മൂലൻസ് എന്ന പേരിൽ 100000/- രൂപ വരവുണ്ട്. രസീത് എഴുതാതെയും തുകകൾ വരവ് വന്നിട്ടുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു.

8. 28-10-2019 ലെ 2(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പാസ്സാക്കിയ കാർണിവൽ വരവ് - ചെലവ് കണക്കുകൾ പ്രകാരം ആകെ വരവ് 1806684/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരമുള്ള ആകെ വരവ് 1356134 /-രൂപ മാത്രമാണ്. നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുമില്ല.

9. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകളിലെ ഒരു വരവിനമാണ് ട്രേഡ് ഫെയർ വരവ്. ഇത് 232050/- രൂപയാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഇനവും തുകയും ബാങ്ക് അക്കൗണ്ട് പ്രകാരം വരവ് വന്നിട്ടില്ല.

10. വിവിധ സബ്കമ്മിറ്റികൾ മുഖേനയാണ് കാർണിവലിനായി ചെലവ് നടത്തിയിട്ടുള്ളത്. ഈ കമ്മിറ്റികളാണ് സേവനദാതാക്കളിൽ നിന്ന് ക്വട്ടേഷനുകൾ സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഭൂരിഭാഗം കമ്മിറ്റികൾക്കും ബാങ്ക് അക്കൗണ്ടിൽ നിന്ന് സെക്രട്ടറി മുൻകൂറുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില സബ്കമ്മിറ്റികൾ തങ്ങൾക്ക് ലഭിച്ച സംഭാവനതുകകൾ ഉപയോഗിച്ച് നേരിട്ട് ചെലവ് നടത്തിയതായും ശ്രദ്ധയിൽപെട്ടു.

11. സബ്കമ്മിറ്റികൾ ക്വട്ടേഷനുകൾ സ്വീകരിച്ചാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. സ്റ്റേജ്, ഫ്ലോട്ടിംഗ് സ്റ്റാർ, ലൈറ്റ് ആന്റ് സൗണ്ട്, നക്ഷത്രം, പപ്പാനി എന്നീ ഇനങ്ങളെല്ലാം ഒരു ലക്ഷം രൂപയിലധികം തുക ചെലവ് വന്ന ഇനങ്ങളാണ്. പഞ്ചായത്തിന് ബാധകമായ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഇവ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിച്ച് ചെയ്യേണ്ടിയിരുന്ന പ്രവൃത്തികളായിരുന്നു. 5 ലക്ഷത്തിലധികമായി വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

12. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകൾ പ്രകാരം ആകെ ചെലവ് 1791179/- രൂപയാണ്. എന്നാൽ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ആകെ 1460227/- രൂപയുടെ ചെലവ് മാത്രമാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കുന്നു എന്ന കമ്മിറ്റി തീരുമാനമെടുത്ത് നടപ്പാക്കിയ ഈ പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. പദ്ധതിതുക കൈമാറിയത് മാത്രമാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

13.വൗച്ചറുകളോടൊപ്പം ചേർത്തിരിക്കുന്ന പല ബില്ലുകളും ആധികാരികമല്ല. ഉദാ.നക്ഷത്രങ്ങൾ വാങ്ങിയ ബില്ല്. വാങ്ങുന്നവയിൽ വീണ്ടും ഉപയോഗിക്കാവുന്നവ പോലും സ്റ്റോക്കിൽ ചേർക്കുന്നില്ല. പ്ളാസ്റ്റിക്ക് നക്ഷത്രങ്ങളാണ് ഉപയോഗിക്കുന്നത്, മുൻവർഷങ്ങളിലേത് വൃത്തിയാക്കി ഉപയോഗിക്കുന്നതിനായി തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുണ്ട്. എന്നാൽ ഇവ എത്രയെണ്ണം ഉണ്ടെന്ന് രേഖപ്പെടുത്തുകയോ, പുതിയതായി വാങ്ങിയ 3000 നക്ഷത്രങ്ങൾ ഉൾപ്പെടെ ആകെ നക്ഷത്രങ്ങൾ സ്റ്റോക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

പരിശോധന ആരംഭിച്ച ആദ്യഘട്ടത്തിൽ തന്നെ പദ്ധതി സംബന്ധിച്ച ഫയൽ അപൂർണ്ണമാണെന്ന് ബോധ്യപ്പെടുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി നല്കുകയുമാണുണ്ടായത്. ഫയലിൽ പദ്ധതിവിഹിതം കൈമാറിയത് സംബന്ധിച്ച രേഖമാത്രമാണുണ്ടായിരുന്നത്. ഓഡിറ്റ് അവസാനിക്കുന്ന ദിവസം എക്സിറ്റ് കോൺഫറൻസ് വേളയിലാണ് ഇത് സംബന്ധിച്ച രസീത് ബുക്ക്, പാസ്ബുക്ക്, വൗച്ചറുകൾ ഉൾപ്പെടെയുള്ള പ്രധാനരേഖകളെല്ലാം ഹാജരാക്കിയത്.

ഈ സാഹചര്യത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്, മലായാറ്റൂർ ജനകീയസമിതി എന്നിവയുടെ നേതൃത്വത്തിൽ നടപ്പാക്കിയ നക്ഷത്ര തടാകം-മെഗാകാർണിവൽ 2018 എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഭരണവകുപ്പ് വിശദമായ അന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യത്തിന് വേണ്ടി സർക്കാർ അനുമതി ഇല്ലാതെ ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ നാല് ലക്ഷം രൂപ(400000/-രൂപ) തടസ്സപ്പെടുത്തുന്നു.

# 1-17 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വസ്തുകൈയ്യേറി മരം മുറിയ്കൽ -ആസ്തി സംരക്ഷണം കാര്യക്ഷമല്ല.

പഞ്ചായത്ത് വസ്തുവകകളുടെ പരിപാലനം കാര്യക്ഷമമല്ല എന്ന് വിവിധ കേസ് ഫയലുകൾ, മിനിറ്റ്സ് രേഖപ്പെടുത്തലുകൾ എന്നിവയിൽ നിന്ന് വ്യക്തമാണ്. പഞ്ചായത്ത് ആസ്തിയായ വസ്തു കൈയ്യേറിയതായും, വസ്തുവിൽ നിന്ന് തേക്ക്, മഹാഗണി, ഈട്ടി തടികൾ സ്വകാര്യവ്യക്തികൾ മുറിച്ചു നീക്കിയതായി കമ്മറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ)പഞ്ചായത്ത് 6-ാം വാർഡ് മലയാറ്റൂർ വില്ലേജ് ബ്ലോക്ക് 22, സർവ്വേ നം 114/04 ൽ നിന്ന് തേക്ക്, മഹാഗണി മരങ്ങൾ വെങ്കിടങ്ങിൽ സുധാകരൻ എന്നയാൾ അനധികൃതമായി മുറിച്ചുമാറ്റിയതായും, അതിനെ തുടർന്ന് 21.03.2019 നെ 7 ാം നം അജണ്ടയിൽ (തീരുമാനം.1) ടി മരങ്ങളുടെ വാല്യുവേഷൻ എടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1ന് ലഭിച്ച മറുപടിയിൽ പഞ്ചായത്ത് പുനരധിവാസ പദ്ധതി പ്രകാരം ലഭിച്ച വസ്തുവിലെ 2 തേക്ക്, മഹാഗണി മരങ്ങളാണ് മുറിച്ചതെന്നും, പോലീസിൽ പരാതി നൽകിയതനുസരിച്ച് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ പോലീസ് മഹസ്സർ തയ്യാറാക്കിയിട്ടുണ്ടെന്നും, മുറിച്ചിട്ട മരങ്ങൾ നിലവിൽ ആ വസ്തുവിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നും പറയുന്നു. എന്നാൽ എന്നാണ് പോലീസിൽ പരാതി നല്കിയതെന്നും, നിലവിൽ ഈ വിഷയത്തിൽ കൈക്കൊണ്ട നടപടികൾ എന്താണെന്നും വ്യക്തമല്ല. മരങ്ങളുടെ വാല്യുവേഷൻ എടുക്കാൻ സോഷ്യൽ ഫോറസ്ട്രി വകുപ്പിനെ സമീപ്പിക്കുന്നതിനു പകരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയതും തെറ്റായ നടപടി ക്രമമാണ്.

ബി) മലയാറ്റൂർ വില്ലേജ് ബ്ലോക്ക് 23 സർവ്വേ നം 122ൽ പ്പെട്ട 4.45 ആർ പഞ്ചായത്ത് വക വസ്തുവിൽ നിന്നും അയൽവാസിയായ ഈരത്തറ ഔസേഫ് വറീത് എന്നയാൾ ഈട്ടിതടി മുറിക്കുകയും, തടിയിൽ അവകാശവാദം ഉന്നയിച്ച് ശ്രീ ഔസേഫ് വറീത് ബഹു.കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുമുണ്ട്. ഇതു സംബന്ധിച്ച കേസ് നം WP(C)32282/18 ന്റെ 10/10/18ലെ വിധി ന്യായത്തിൽ നിർദ്ദേശിച്ച പ്രകാരം വൃക്ഷത്തിന്റെ സ്ഥാനം കൃത്യമായി നിശ്ചയിക്കാൻ പഞ്ചായത്ത് സെക്രട്ടറി, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ സ്ഥലം അളക്കാൻ താലൂക്ക് സർവ്വേയറെ ചുമതലപ്പെടുത്തി. സർവ്വേയറുടെ റിപ്പോർട്ടിൽ പഞ്ചായത്ത് സെക്രട്ടറി, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ പറയും പ്രകാരം മരം പഞ്ചായത്ത് വസ്തുവായ സർവ്വേ നം 122 ൽ തന്നെയാണ് നിന്നിരുന്നത് എന്ന് തെളിയിക്കുന്ന കുറ്റികളോ, അടയാളങ്ങളോ ഇല്ലാത്തതിനാൽ ഈട്ടി മരത്തിന്റെ സ്ഥാനം നിർണ്ണയിക്കാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിട്ടുണ്ട്. താലൂക്ക് സർവ്വേയർ മുൻപ് നടത്തിയ സർവ്വേ വിവരങ്ങൾ ആവശ്യപ്പെട്ട് 27-12-18, 21-2-19 തിയതികളിൽ തഹസിൽദാർ (എൽ.എ) നൽകിയ കത്തിന് പഞ്ചായത്ത് നാളിതുവരെ മറുപടി നൽകിയിട്ടില്ല. ഈട്ടി തടി ഇപ്പോഴും ശ്രീ ഔസേഫ് വറീതിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നം. 123/3 ൽ തുടരുകയാണ്.

തടി എന്തു ചെയ്യണമെന്ന് കൃത്യമായി കോടതി നിർദ്ദേശം ഇല്ല എന്നതിനാൽ നഷ്ടപ്പെടാനുള്ള സാധ്യത ഏറെയാണ്.

3)പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സർവ്വേ നം 311/6 ലെ വസ്തുവിൽ ശ്രീ ഡേവിസ് പാപ്പു, തേയ്ക്കാനത്ത് എന്ന വ്യക്തി കൈയ്യേറ്റം നടത്തി നിർമ്മാണപ്രവർത്തനം നടത്തുകയും, തുടർന്ന് പഞ്ചായത്ത് അധികാരികളെ ടി വസ്തുവിൽ കടക്കുന്നതിൽ നിന്ന് തടയാൻ ബഹു.കേരള ഹൈക്കോടതിയിൽ നിന്ന് റിട്ട് പെറ്റീഷൻ മുഖേന (WP(c) 27478/2017)

21.08.2017ൽ അനുകൂല വിധി സമ്പാദിക്കുകയും (ഇന്ററിം ഓർഡർ)ചെയ്തിട്ടുണ്ട്. ഇതേ വിഷയത്തിൽ മറ്റൊരു കേസ് പഞ്ചായത്തിനെതിരെ ബഹു.ആലുവ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ടി കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമല്ല. പഞ്ചായത്ത് വസ്തു അന്യാധീനപ്പെട്ടെങ്കിലും ഇതിനെതിരെ കൃത്യമായ നിലപാടെടുക്കാനോ, കോടതി വ്യവഹാരങ്ങളിൽ ശരിയായ തുടർ നടപടി കൈക്കൊള്ളാനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

മേൽപറഞ്ഞ മൂന്ന് വിഷയങ്ങളിലും ആസ്തി രജിസ്റ്റർ കൃത്യമല്ലാത്തതിനാലും, പഞ്ചായത്തിന് സ്വന്തം വസ്തുവകകളുടെ അതിരുകൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലുമാണ് മുറിച്ച മരങ്ങളിൽ അവകാശമുന്നയിക്കാനോ, കേസുമായി മുന്നോട്ട് പോകാനോ, കൈയ്യേറ്റം ഒഴിപ്പിക്കാനോ, കോടതിയിൽ കൃത്യമായ വസ്തുതാവിവരണ പത്രിക സമർപ്പിക്കാനോ കഴിയാത്തത്. കൂടാതെ ഉടമസ്ഥാവകാശം സംബന്ധിച്ച് പഞ്ചായത്ത് നിസ്സംഗത പാലിക്കുന്നുമുണ്ട്. പഞ്ചായത്ത് വനഭൂമി ഉള്ളയിടം കൂടി ആയതിനാൽ പഞ്ചായത്ത് വക വസ്തുക്കളിൽ തടിക്ക് മൂല്യമുള്ള മരങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ ഈ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അതിരുകൾ തിരിച്ച് സംരക്ഷിക്കുന്നുമില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്ന് മരം മുറിക്കാൻ സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുമതി ആവശ്യമാണ്. മരങ്ങളുടെ വാല്യുവേഷൻ നൽകേണ്ടതും ഇതേ വകുപ്പാണ്.

ഇത്തരത്തിൽ ഇനിയും തടി നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

.

# 1-18 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 17/19, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 1250000/- (വികസന ഫണ്ട് ജനറൽ 312500/-, സംസ്ഥാനാവിഷ്കൃത ഫണ്ട്-312500/-, മറ്റുള്ളവ 625000/-) |
| ചെലവ് | 312500/- |
| ബിൽ നമ്പർ | 10/18-19 തീയതി 15.03.2019<br>തുക 312500/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 312500/-രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. 50 കന്നുകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷൂറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. പദ്ധതി പൂർത്തീകരിച്ച് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-19 സ്കൂൾ കെട്ടിടങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സർക്കാർ സ്കൂളുകൾ നേരിട്ട് പരിശോധിച്ചതിൽ നിന്ന് വ്യക്തമായ വിലയിരുത്തൽ താഴെ ചേർക്കുന്നു.

ജി യു പി എസ് ഇല്ലിത്തോട്, ഗവ.എൽ പി എസ് വെസ്റ്റ് മലയാറ്റൂർ, ഗവ.എൽ പി എസ് നീലീശ്വരം എന്നീ മൂന്ന് സർക്കാർ സ്കൂളുകളാണ് പഞ്ചായത്ത് പരിധിയിൽ ഉള്ളത്. വെസ്റ്റ് മലയാറ്റൂർ ഗവ.എൽ പി എസിലെ ടോയ്ലെറ്റുകൾ പഴകിയതും സുരക്ഷിതമല്ലാത്തതുമാണ്. കോമ്പൗണ്ടിലെ തറയോടുകൾ ഇളകിയും, മരപ്പട്ടി ശല്യം ഒഴിവാക്കാൻ വേണ്ടി 2017-18 ലെ പ്രോജക്ട് മുഖേന നിർമ്മിച്ച ഫാൾസ് സീലിംഗ് പാളികൾ ഇളകി വീഴുന്നുണ്ട്. കെട്ടിടം പഴക്കം ചെന്നതും, സ്റ്റോർ റൂം പുതിയ രീതിയിലുള്ള ഫർണ്ണിച്ചർ എന്നിവയുടെ അഭാവം സ്കൂളിലെ കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കി സ്കൂളിന്റെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ജി.യു.പി.എസ് ഇല്ലിത്തോട് പരിമിതമായ സൗകര്യങ്ങളിൽ അഭിനന്ദനാർഹമായ രീതിയിൽ മികച്ച പഠന നിലവാരം പുലർത്തുന്നു. സ്കൂൾ പരിസരത്ത് കുട്ടികൾ തന്നെ കൃഷി ചെയ്യുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുക, പരിസരവും ക്ളാസ് മുറികളും വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയ മാതൃകാപരമായ കാര്യങ്ങൾ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നുവെങ്കിലും, ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത എടുത്തുപറയേണ്ടതാണ്. ഭിത്തികൾ കെട്ടി തിരിക്കാത്ത

ക്ലാസ് മുറികളിൽ സ്മാർട്ട് ബോർഡ് ഉപയോഗിക്കാനും, പഠിപ്പിക്കാനും അസൗകര്യമാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. വിദ്യാഭ്യാസം, കല, സാംസ്കാരികം വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയിലും സ്കൂളുകളുടെ അവശ്യസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളും, ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതും പഞ്ചായത്തിന്റെ ചുമതലയാണ്. ഇതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണ്.

# 1-20 മാലിന്യസംസ്കരണം - പാഴ് വസ്തുക്കൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 71/18-19 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 375000/-രൂപ |
| ആകെ ചെലവ് | 250000/-രൂപ |
| ബിൽ നമ്പർ,തീയതി | 13/18-19/12.10.2018 |

മേൽ പദ്ധതി പ്രകാരം വേസ്റ്റ് നീക്കം ചെയ്യുന്നതിന് നിറവ് കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആകെ ബിൽ തുക 5ലക്ഷം രൂപയാണ്(25 load x 25000) എന്നാൽ 250000/-രൂപയാണ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷം നല്കിയിട്ടുള്ളത്. നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റിന്റെ 4885201000040 നമ്പർ അക്കൗണ്ടിലേക്ക് 09.10.2018 ൽ ഓൺലൈൻ ട്രാൻസ്ഫർ മുഖേന ടി തുക കൈമാറിയിട്ടുള്ളതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ ക്യൂ ബിൽ ആയി 125000/-രൂപയും കൈമാറിയതായി അറിയിച്ചിട്ടുണ്ട്(ബിൽ നമ്പർ 25/2019-20/26.08.19). കുടുംബശ്രീ പ്രവർത്തകർ മുഖേന ഗുണഭോക്താക്കളിൽ നിന്ന് വിഹിതം പിരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ എത്ര തുക ഇത്തരത്തിൽ പിരിച്ചുവെന്നോ അത് സംബന്ധിച്ച രസീതുകളോ ഒന്നും ഹാജരാക്കുകയുണ്ടായില്ല. ഈ തുകയും നിറവ് എന്ന സ്ഥാപനത്തിന് ബിൽ ഇനത്തിൽ നല്കിയെന്നാണറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് തൻവർഷത്തെ ചെലവിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. 25$m^3$ ൽ കുറയാത്ത ഒരു ലോഡിന് 25000/-രൂപ നിരക്കിൽ ആണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലോഡ് നിർദ്ദിഷ്ട അളവിൽ ആണോ എന്ന് ഉറപ്പാക്കാനുതകുന്ന രീതിയിൽ വെയ്ബ്രിഡ്ജിൽ തൂക്കം പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. മാലിന്യത്തിന്റെ തൂക്കം, നിരക്ക് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങുന്ന കൃത്യമായ കരാർ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. പദ്ധതി വിജയകരമായിരുന്നോ എന്ന് നിശ്ചയിക്കത്തക്ക

രീതിയിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 പ്രളയക്കെടുതികളുടെ ഡോക്യുമെന്റേഷൻ

34.22 ചതുരശ്രകിലോമീറ്ററുകളിലായി 17 വാർഡുകൾ ഉള്ള പഞ്ചായത്തിൽ 2,4 എന്നീ വാർഡുകൾ ഒഴികെയുള്ള വാർഡുകൾ പ്രളയബാധിതമായി. കിഴക്ക് പെരുംതോട്, തെക്ക് പെരിയാർ എന്നിവയും, നടുവട്ടം തോട്, നിരവധി കൈത്തോടുകൾ, പാടങ്ങൾ, ജലനിർഗ്ഗമനമാർഗ്ഗങ്ങൾ എന്നിവ നികത്തിയതും പ്രളയം രൂക്ഷമാകാൻ കാരണമായി. 11,14 വാർഡുകളെ പ്രളയം രൂക്ഷമായി ബാധിച്ചു. 11-ാം വാർഡിലെ ആയുർവേദ ഡിസ്പെൻസറിയിലെ മരുന്നുകൾ, കമ്പ്യൂട്ടർ,ഫർണ്ണിച്ചർ എന്നിവയും നഷ്ടമായി. അങ്കണവാടികൾ, സ്കൂൾ തുടങ്ങിയ ഘടകസ്ഥാപനങ്ങളെയും പ്രളയം ബാധിച്ചു. ഏതാണ്ട് 110 ഏക്കറോളം വിസ്തൃതിയുള്ള മണപ്പാട്ടിചിറ പഞ്ചായത്തിൽ ഉണ്ട്. പ്രളയക്കെടുതികൾ, പ്രളയബാധിമായ ഭാഗങ്ങൾ ,പ്രളയത്തിന്റെ തീവ്രത എന്നീ കാര്യങ്ങളുടെ “ഡോക്യുമെന്റേഷൻ” പാടങ്ങൾ, ജലനിർഗ്ഗമനമാർഗ്ഗങ്ങൾ എന്നിവ നികത്താതിരിക്കാൻ ജാഗ്രത കാണിക്കുന്നതിനും, ഭാവിയിൽ ഇത്തരമൊരു പ്രകൃതിക്ഷോഭം നേരിടേണ്ടി വരികയാണെങ്കിൽ കൈക്കൊള്ളേണ്ട മുൻകരുതൽ നടപടികൾക്കും, ഭാവി തലമുറയ്ക്ക് ഇതിനെക്കുറിച്ച് മനസ്സിലാക്കാനും പ്രയോജനപ്പെടുന്നതാണ്.

# 1-22 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല

| | |
|---|---|
| പ്രോജക്ട് നം.,പേര് | 35/2019,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| ചെലവഴിച്ച തുക | 510000/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ സൂചിത പ്രോജക്ടിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം നടത്തിയത്. പ്രതിമാസ സ്കോളർഷിപ്പ് 1000/-രൂപ പ്രതിമാസ യാത്രാബത്ത 1000/- രൂപ വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത, വിനോദയാത്രാ ബത്ത

എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/- 2000/- 1000/- രൂപ എന്നിവയടക്കം 28500/-രൂപയാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു കുട്ടിക്ക് അർഹതയുള്ള സ്കോളർഷിപ്പ്. എന്നാൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് 13500/-രൂപയാണ് സ്കോളർഷിപ്പായി നൽകിയിരിക്കുന്നത്. യഥാർത്ഥത്തിൽ ലഭിക്കേണ്ട തുകയുടെ പകുതിപോലും ലഭ്യമായിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രോജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭ്യമായ 201525/-രൂപ ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിക്കുന്നതായും കാണുന്നു. ഇത് ഗുരുതരമായ വീഴ്ചയാണ്. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി വഴി അർഹതപ്പെട്ടവർക്ക് ആനുകൂല്യം മുഴുവനായി ലഭിക്കുന്ന രീതിയിൽ പര്യാപ്തമായ തുക വകയിരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 അംഗീകൃത ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ- നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 61/18-19 |
| ആകെ ചെലവ് | 50000 രൂപ |
| ബിൽ നമ്പർ,തിയതി | 49/18-19 /15-3-19 |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്ന് 50000/-രൂപ ചെലവ് ചെയ്ത് 391 പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 06.03.2019 ൽ ആണ് ബുക്ക്മാർക്കിന്റെ അക്കൗണ്ടിലേക്ക് തുക ഓൺലൈൻ ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്(അക്കൗണ്ട് നമ്പർ 35106107208). നീലീശ്വരം സഹൃദയ കലാവേദി ലൈബ്രറിക്ക് 8089/-രൂപ വിലവരുന്ന 43 പുസ്തകങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച കൈപ്പറ്റ് രേഖ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് ഏതെല്ലാം ലൈബ്രറികൾക്കാണ് പദ്ധതി പ്രകാരം പുസ്തകങ്ങൾ കൈമാറാൻ തീരുമാനിച്ചതെന്ന് സംബന്ധിച്ച വിവരങ്ങളോ പ്രസ്തുത ലൈബ്രറികൾക്ക് പുസ്തകം കൈമാറിയത് സംബന്ധിച്ച് കൈപ്പറ്റ് രേഖകളോ ഇല്ല്ല. ബുക്ക് മാർക്കിൽ നിന്ന് ലഭിച്ച പുസ്തകങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്നതും മുഴുവൻ പുസ്തകങ്ങളും വിതരണം ചെയ്ത്തിട്ടുണ്ടോ എന്നതും ഫയലിൽ നിന്ന് വ്യക്തമല്ല. ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദീകരിക്കേണ്ടതാണ്. അഥവാ പുസ്തകവിതരണം പൂർത്തിയായിട്ടുള്ളതാണെങ്കിൽ ലൈബ്രറികളിൽ നിന്നുള്ള കൈപ്പറ്റ് രേഖകൾ, ലൈബ്രറികളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആരാഞ്ഞുകൊണ്ട് എൻക്വയറി നല്കിയിരുന്നെങ്കിലും രസീതുകൾ പ്രസിഡന്റിന്റെ കൈവശമാണെന്നും ആയവ

ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-24 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3633 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 7080 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 88162 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 268 |
| 2018-19 വർഷത്തെ ആകെ ചെലവ് തുക | 27033000 |

ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കിയതും നടപ്പാക്കിയവയുമായ പ്രവൃത്തികളുടെ ഇനം താഴെപ്പറയും പ്രകാരമാണ്.

| വിഭാഗം | നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|---|
| വരൾച്ച | നഴ്സറി നിർമ്മാണം, തീറ്റപ്പുൽകൃഷി | 21 |
| മത്സ്യംവളർത്തൽ | മത്സ്യകുളം | 1 |
| വെള്ളപ്പൊക്ക നിയന്ത്രണം | കാന പുനരുദ്ധാരണം | 5 |
| അടിസ്ഥാന സൗകര്യം | ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ് | 6 |
| വ്യക്തിഗതം | ഭവന നിർമ്മാണം, കിണർ,കക്കൂസ്, മഴക്കുഴി നിർമ്മാണം | 62 |
| ജലസംരക്ഷണം | മഴക്കുഴി നിർമ്മാണം | 22 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | തോടുകൾ പുനരുദ്ധാരണം, കയർ ഭൂവസ്ത്രം | 19 |
| ജലസേചനം | കനാൽ പുനരുദ്ധാരണം | 12 |
| ഭൂവികസനം | കയ്യാല നിർമ്മാണം | 19 |
| | ആകെ | 167 |

തൊഴിലുറപ്പ് പദ്ധതിയിൽ 7 നഴ്സറികൾ സ്ഥാപിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ത സ്വ ഭ വ സെക്രട്ടറി (റൂറൽ) 29.03.2018ൽ പുറപ്പെടുവിച്ച ഡി എസ് 2/288/2018/ത.സ്വ.ഭ.വ(1) ഉത്തരവിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുടെ ഭാഗമായി തയ്യാറാക്കുന്ന നഴ്സറികളിലെ മരങ്ങളുടെ പരിപാലന ചുമതല എ.ഡി.എസുകളെ ഏല്പിക്കുവാൻ

നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള നഴ്സറികളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്, ഇവ പരിപാലിക്കുന്ന എ.ഡി.എസിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് 15.02.2020 ൽ നൽകിയ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഴ്സറികളെല്ലാം 2018 ലെ മഹാപ്രളയത്തിൽ നശിച്ച് പോയി എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതികളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 പഞ്ചായത്ത് വക ടോയ്‌ലെറ്റ് സമുച്ചയം - നിഷ്ക്രിയ ആസ്തി

മലയാറ്റൂർ അടിവാരത്തിനടുത്ത് മണപ്പാട്ടി ചിറയ്ക്ക് സമീപത്തായി പഞ്ചായത്ത് പണി കഴിപ്പിച്ച ടോയ്‌ലെറ്റ് സമുച്ചയം നിലവിൽ ഉപയോഗശൂന്യമാണ്. മലയാറ്റൂർ പള്ളിയിൽ വരുന്ന തീർത്ഥാടകർ,മണപ്പാട്ടിചിറ കാണാൻ വരുന്ന സഞ്ചാരികൾ എന്നിവർക്ക് പ്രയോജനപ്പെടുത്താവുന്ന ടോയ്‌ലെറ്റ് സമുച്ചയം ഉപയോഗയോഗ്യമാക്കി ലേലം ചെയ്തു നൽകാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-26 സ്യൂട്ട് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് കക്ഷിയായി വിവിധ കോടതികളിലായി നിരവധി കേസുകൾ ഉണ്ട്. എന്നാൽ ലീഗൽ ചാർജസ് ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്, ഗ്രാമപഞ്ചായത്തിലെ കേസുകളുടെ വിവരങ്ങൾ അവയിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർ ആരെല്ലാമാണ്, 2018-19 ൽ ഓരോ കേസിനും ഫീസിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ, കേസുകളിൽ ഓരോന്നിലും പഞ്ചായത്ത് എത്രാമത്തെ കക്ഷിയാണ് എന്നീ വിവരങ്ങളൊന്നും തന്നെ പരിശോധിക്കാനുതകുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. കേസുകൾ സംബന്ധിച്ച് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും,വിശദ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. നിലവിലുള്ള കേസുകൾ, തീർപ്പാക്കിയവ, തുടർനടപടികൾ ആവശ്യമുള്ളവ, കോടതി നിർദ്ദേശങ്ങൾ പാലിക്കേണ്ട കേസുകളിൽ ആയത് നിർദ്ദേശാനുസരണം, സമയബന്ധിതമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും സ്യൂട്ട് രജിസ്റ്റർ അത്യന്താപേക്ഷിതമാണ്.കേസുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് ഗൗരവമായി കാണേണ്ടതും കേസുകൾ സംബന്ധിച്ച രേഖകൾ ഉത്തരവാദിത്തോടെ സൂക്ഷിക്കേണ്ടതുമാണ്. കേസുകളുടെ നടത്തിപ്പ് ഫീസ് നൽകൽ,ത.സ്വ.ഭ.വ സ്ഥാപനങ്ങളിലെ കേസ്സുകൾ നടത്തുന്നതിനുള്ള വക്കീൽ ഫീസ് പുതുക്കി നിശ്ചയിച്ച 18.02.2016 ലെ ഉത്തരവ് പ്രകാരം സ.ഉ(എം.എസ്) നം 36/16/തസ്വഭവ എന്നിവയിലെ ഫീസ് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

1961 ആദായ നികുതി ആക്ട് സെക്ഷൻ 194ജെ പ്രകാരം ഒരു വർഷം 30,000/-രൂപയ്ക്കുമേലുള്ള പ്രൊഫഷണൽ ചാർജ്ജുകൾക്ക് 10% നിരക്കിൽ ആദായ നികുതി ഈടാക്കിയിട്ടുണ്ടോയെന്നും, വിവിധ കോടതികൾ, ട്രിബ്യൂണൽ, ഓംബുഡ് സ്മാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിലായി എത്ര കേസുകൾ നിലവിലുണ്ട്, അവയിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകർ ആരെല്ലാമാണ്, തീർപ്പാക്കിയ കേസുകളുടെ ജഡ്ജ്മെന്റ് വിവരങ്ങൾ, തുടർ നടപടികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്ന രീതിയിൽ സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-27 ദുരിതാശ്വാസ നിധി കാര്യക്ഷമമല്ല

2018-19 വർഷത്തെ ദുരിതാശ്വാസ നിധി പരിശോധിച്ചതിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കണ്ടു. ദുരിതാശ്വാസ നിധിക്ക് വേണ്ടി SBIൽ അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട്. ഈ വർഷം ദുരിതാശ്വാസ നിധിയിലേക്ക് ആകെ 150/-രൂപയാണ് ലഭിച്ചത്. ഈ അക്കൗണ്ടിൽ 31.03.2018 ൽ ആകെ 3492/-രൂപയാണ് നീക്കിയിരിപ്പായി ഉള്ളത്. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും യാതൊരുവിധ ആനുകൂല്യവും അനുവദിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയുടെ സബ് കമ്മിറ്റി 2018-19 ൽ യോഗം ചേരുകയോ ആയത് വിലയിരുത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ പല വാർഡുകളും മഴക്കാലത്ത് പ്രളയക്കെടുതികൾ നേരിടുന്നവയാണ്. ദുരിതാശ്വാസ നിധി ആനുകൂല്യം ആവശ്യമായ ഇത്തരം സാഹചര്യങ്ങളിലേക്ക് ഒരു മുൻകരുതൽ തീർത്തും ആവശ്യമാണ്. 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സെക്രട്ടറിയും ഭരണ സമിതിയും കൈക്കൊള്ളേണ്ടതാണ്.

# 1-28 ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക അടവാക്കി

കെട്ടിടനിർമ്മാണാനുമതി നൽകിയതിൽ നിന്നും അധികം വിസ്തീർണ്ണത്തിൽ കെട്ടിടം പൂർത്തീകരിച്ചതിന് ക്രമവൽക്കരണ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് 15.02.2020 ൽ

നൽകിയ ഓഡിറ്റ് എൻക്വയറി നം 6 നൽകിയതിനെത്തുടർന്ന് 17.02.2020 ലെ 119010105208 നമ്പർ രസീത് മുഖേന 877/-രൂപ അടവാക്കി.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019 & 23.07.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1227(72)/2019 തീയതി 21.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 593188 | അങ്കണവാടി നിർമ്മാണം | 99833 | 493355 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 18-19 (മുന്നിരിപ്പ് 1182150) | 1514080 | ലൈഫ് ഭവന പദ്ധതി | 2196230 | 500000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 140000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 140000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 110000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 110000 | 00 |
| 5 | ജില്ലാ പഞ്ചായത്ത് | 18-19 | 86000 | ക്ഷീര കർഷകർക്ക് | 86000 | 00 |

| | | | | | | |
|---|---|---|---|---|---|---|
| | | | | പാലിന് സബ്സിഡി | | |
| 6 | ജില്ലാ പഞ്ചായത്ത് | 18-19 | 201525 | ഭിന്നശേഷി ക്കാരായ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 00 | 201525 |
| 7 | ജില്ലാ പഞ്ചായത്ത് | 18-19 | 1000000 | ലൈഫ് ഭവന പദ്ധതി | 1000000 | 00 |
| 8 | ജില്ലാ പഞ്ചായത്ത് | 18-19 | 637500 | നെൽ കൃഷിക്ക് കൂലി ച്ചെലവ് | 637500 | 00 |
| 9 | ജില്ലാ പഞ്ചായത്ത് | 18-19 | 150000 | നക്ഷത്ര തടാകം | 150000 | 00 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1) 51/18-19 14.03.2019 2) 43/18-19 28.02.2019 | 1070694/- 29306/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 00 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയു ള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി.വായ്പയിനത്തിൽ 5140000/- രൂപയുടെ വരവുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ.യു.ആർ.ഡി. എഫ്.സി.ലോൺ | സ.ഉ.(എം.എസ്) നം 68/2018/ തസ്വഭവ തീയതി 18.05.18 | 5140000 | 00 | - | - | 5140000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ഏതാനും സ്ഥാപനങ്ങളുടെ ഒഴികെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71995269 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61009029 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 400000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 400000 | ശ്രീ.അബ്ദുൾ ജലീൽ കെ ടി, സെക്രട്ടറി |
| ആകെ | 400000 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുൾ ജലീൽ കെ ടി, സെക്രട്ടറി | സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് | പുന്നൂർകോട്ട ( വീട് ) തോട്ടക്കാട്ടുകര.പി.ഒ ആലുവ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28.01.2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06.12.2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03.06.2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13.11.2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 29.05.13/13.06.13 |
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |
| 2016-17 | കെ.എസ്.എ.ഇ കെ എം(പി4) 1909/2017/03.11.2017 |
| 2017-18 | കെ.എസ്.എ.ഇ കെ എം(പി4) 148/2019/12.03.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. താഴെപ്പറയുന്ന ഇനങ്ങൾ റസീപ്റ്റ്& പേയ്മെന്റും, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രസീത് | ഇൻകം & |
|---|---|---|

| | | |
|---|---|---|
| | &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| (എ) ഗുണ: വിഹിതം | 526040 | 422705 |
| (ബി)ഐ.സി.ഡി.എസ്. | 561975 | 578905 |
| (സി) ശുചിത്വമിഷൻ | 1806400 | 170000 |
| (ഡി) ഗ്രാന്റ് | 25000 | - |
| (ഇ) മറ്റു റവന്യൂ ഗ്രാന്റ് | - | 12500 |
| (എഫ് )ജോയിന്റ് വെഞ്ച്വർ ജില്ലാപഞ്ചായത്ത് | 2075025 | 1873500 |
| (ജി) ,, ബ്ലോക്ക്പഞ്ചായത്ത് | 2357268 | 2446230 |

2. ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

Annexure – 1

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of MALAYATTOOR NEELEESWARAM Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of MALAYATTOOR NEELEESWARAM Grama Panchayat for the year 2018-19 subject to the observations appended properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Abstract of defects

1. The figures shown in Receipt & Payment statement do not match with income & expenditure statement in AFS.

| Serial No. | Item | Receipt & Payment Account Statement | Income & Expenditure Statement |
|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 1 | Beneficiary Contribution | 526040 | 422705 |
| 2 | ICDS | 561975 | 578905 |
| 3 | Suchithwa Mission | 1806400 | 170000 |
| 4 | Grant | 25000 | - |
| 5 | Other Revenue Grant | - | 12500 |
| 6 | Joint venture – District Panchayath | 2075025 | 1873500 |
| 7 | Joint venture – Block Panchayath | 2357268 | 2446230 |

2. The Asset register is not updated and asset value included in AFS

3. The accounts of Property Tax in the AFS differs with SANCHAYA accounts.

.

DEPUTY DIRECTOR